ഇലക്ട്രിസിറ്റി.

* 1095. [64] ശ്രീ. കെ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി നീട്ടിക്കൊടുക്കുന്ന കാര്യത്തിൽ കൃഷിക്കു വെള്ളം പമ്പുചെയ്യുന്നതിനും മറ്റുമാണെങ്കിൽ മുൻഗണന കൊടുക്കുമെന്നില്ലേ;

(ബി) അങ്ങിനെയുണ്ടെങ്കിൽ എന്തുകൊണ്ട് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ചിറ്റൂർ താലൂക്കിൽപെട്ട പട്ടഞ്ചേരി, വണ്ടിത്താവളം, മീനാക്ഷിപുരം, വണ്ണാമട എന്നീ പ്രദേശങ്ങൾക്ക് ഇനിയും നീട്ടി കൊടുത്തിട്ടില്ല?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) അപ്രകാരമൊരു നിബന്ധന നിലവിലില്ല.

(ബി) ഗവണ്മെൻറിനു ആദായകരംകൂടിയായിരുന്നെങ്കിലേ ലൈൻ നീട്ടാറുള്ളൂ. പഴയ ആദായത്തോതുപ്രകാരം പട്ടഞ്ചേരിക്ക് ലൈൻ നീട്ടുന്നതു് ആദായകരമായിരുന്നില്ല. ഈ ആദായത്തോതു് ഈ കൊല്ലം മുതൽ കുറച്ചതനുസരിച്ചു് 1956-57-ൽ ലൈൻ നീട്ടേണ്ട സ്ഥലങ്ങളുടെ കൂട്ടത്തിൽ പട്ടഞ്ചേരിയെ ഉൾപ്പെടുത്തുന്നതാണ്. എന്നാൽ മറ്റു മൂന്നു സ്ഥലങ്ങളിലേയ്ക്കും വൈദ്യുതീകരണം ഏർപ്പെടുത്തുന്നതു് നിലവിലിരിക്കുന്ന കുറഞ്ഞ ആദായത്തോതനുസരിച്ചുപോലും ആദായകരമായിരിക്കയില്ല.

STARRED QUESTIONS POSTED FOR ANSWER ON 26-11-55.

റവന്യൂ ഡിപ്പാർട്ടുമെൻറിലെ പ്രമോഷൻ

* 1096. [1] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) റവന്യൂ ഡിപ്പാർട്ടുമെൻറിൽ നോൺ 'ഗസറ്റഡ്' കേഡറിൽ പ്രമോഷൻ നൽകിവരുന്ന മാനദണ്ഡമെന്താണ്;

(ബി) എന്നുമുതലാണ് ഈ ചട്ടം നിലവിൽ വന്നതു്;

(സി) ഇൻഡ്യയിൽ മറ്റ് എവിടെയെങ്കിലും ഈ വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) ഈ ചട്ടം നിലവിൽവന്ന കാലത്തെ സാഹചര്യം ഇന്നു നിലവിലുണ്ടോ;

(ഇ) ഈ നില പുനഃപരിശോധന ചെയ്യുവാൻ ദയവുണ്ടാകുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) പരീക്ഷായോഗ്യത, സീനിയോറിറ്റി, കായ്ക്ഷമത.

(ബി) സപ്ലീസ് റഗുലേഷൻ നിലവിൽ വന്നതുമുതൽ.

(സി) ഉണ്ടെന്നാണ് ഗവണ്മെൻറിൻെറ അറിവ്.

(ഡി) നിലവിലുണ്ട്.

(ഇ) ഈ നില പുനഃപരിശോധന ചെയ്യേണ്ടതിൻെറ ആവശ്യം ഉണ്ടെന്നു് തോന്നിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly